Email. keralarcs@gmail.com
website:-www.cooperation kerala.gov.in
Tel.No 047102330726

സി.പി(3) 4946/18

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി: 11.06.2018

**സർക്കുലർ നമ്പർ 35/2018**

വിഷയം: സഹകരണ വകുപ്പ്- തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ.281 ബാങ്ക് ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന സഹ്യ ബ്രാന്റ് തേയിലപ്പൊടി സംസ്ഥാനത്തെ സഹകരണ സ്റ്റോറുകൾ വഴി വിപണനം ചെയ്യുന്നത്-നിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന
1. ബാങ്ക് ഭരണസമിതിയുടെ 09.05.2018 ലെ 1 നമ്പർ തീരുമാനം
2. ഇടുക്കി ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 06.06.2018 ലെ സി.ആർ.പി 2767/2018 നമ്പർ കത്ത്.

കെ.281 നമ്പർ തങ്കമണി സർവ്വീസ് സഹകരണ ബാങ്കിന്റെ ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന സഹ്യ ബ്രാന്റ് തേയിലപ്പൊടി കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ മുഖേന വിപണനം നടത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകണമെന്ന് സൂചന (1) ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷിച്ചിരിക്കുന്നു.

ഇടുക്കി ICDP രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി കെ.281 നമ്പർ തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ഒരു തേയില ഫാക്ടറി ആരംഭിക്കുകയും ടി ഫാക്ടറിയിൽ നിലവിൽ 200 ഓളം തൊഴിലാളികൾ ജോലിചെയ്തു വരുന്നുണ്ട്. കൂടാതെ 3500 ഓളം ചെറുകിട കർഷകർ തേയില കൃഷിയുമായി ബന്ധപ്പെട്ട് ജോലി ചെയ്തു വരുന്നു. ഒരു ദിവസം 4 ടൺ തേയിലപ്പൊടി ഉല്പാദിപ്പിക്കുന്ന ടി ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന 'സഹ്യ' ബ്രാന്റ് തേയിലപ്പൊടി വൻകിട കമ്പനികളുടെ തേയില ബ്രാന്റുകൾ വിറ്റഴിക്കുന്ന പൊതുവിപണിയിൽ വിൽക്കണമെങ്കിൽ വലിയ തുക മുതൽ മുടക്കി പരസ്യങ്ങളും അതനുസരിച്ച് മുതൽ മുടക്കുള്ള മാർക്കറ്റിംഗ് സംവിധാനങ്ങളും ആവശ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗുണ നിലവാരമുള്ള ടി തേയിലപ്പൊടി സംസ്ഥാനത്തെ സഹകരണ സ്റ്റോറുകൾ വഴി വിറ്റഴിക്കാൻ കഴിഞ്ഞാൽ ആയത് ഉപഭോക്താക്കൾക്ക് വളരെ ഗുണം ചെയ്യുമെന്നും അതു വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നും ബാങ്ക് ഭരണ സമിതി

വിലയിരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ പ്പറയുന്ന മാർഗ്ഗ **നിർദ്ദേശം** പുറപ്പെടുവിക്കുന്നു.

തങ്കമണി സർവ്വീസ് സഹകരണ ബാങ്കിന്റെ ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന 'സഹ്യ' ബ്രാന്റ് തേയിലപ്പൊടിയുടെ പ്രചരണവും വിപണനവും വർദ്ധിപ്പിക്കുന്നത് വഴി സഹകരണ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ, കെ .281 നമ്പർ തങ്കമണി സർവ്വീസ് സഹകരണ ബാങ്കിന്റെ ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന സഹ്യ ബ്രാന്റ് തേയിലപ്പൊടി, കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന സ്റ്റോറുകൾ വഴി വാങ്ങി ,വിപണനം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഒപ്പ്
ഡോ ഡി.സജിത്ത് ബാബു.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. ഈ ഓഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും , ജോയിന്റ് രജിസ്ട്രാർമാർക്കും, ഡെപ്യൂട്ടി രജിസ്ട്രാർമാർക്കും
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
4. ഈ ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും

//ആജ്ഞാനുസരണം//

Sulekha C.R
അസിസ്റ്റന്റ് രജിസ്ട്രാർ(സി.പി) സെക്ഷൻ